കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

2015-16 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ-പികെഡി20/2288/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി – 31.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി20/2288/2016 തീയതി – 31.01.2017

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ2014-15 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-6-2016 മുതൽ 8-6-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.എൻ. വാസുദേവൻ,

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 09-11-2016 മുതൽ 18-11-2016 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ്ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.എൻ.സാവിത്രി | 1-04-2015 മുതൽ 31-10-2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 18-11-2015 വരെ |
| ശ്രീ. | 19-11-2015 മുതൽ 31-3-2016 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.ഐ.റോയ് | 1-4-2015 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.കെ.ജി.സൂര്യൻ | 1-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശോഭ.എ. മേനോൻ | 1-4-2015 മുതൽ 31-3-2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.പ്രിയ.എം.ടി. | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. | ശ്രീ.മധു.സി.പി | *1-4-2015 മുതൽ 10-11-2015 വരെ* |
| | ശ്രീ.ഷാജഹാൻ | *11-11-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ(CHC) | ഡോ.ഇ.സുഷമ | *1-4-2015 മുതൽ 31-3-2016 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.വാസന്തി. പി.എസ് | *1-4-2015 മുതൽ 31-12-2015വരെ* |
| | ഡോ.പവിത്രൻ | *1-1-2016 മുതൽ 3-2-2016 വരെ* |
| | ഡോ.ശ്രീഹരി മേനോൻ | *4-2-2016 മുതൽ 31-3-2016 വരെ* |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.വിജോയ് ജോസഫ് .സി | *1-4-2015 മുതൽ 31-3-2016 വരെ* |
| വെറ്ററിനറി സർജൻ | സ്പെൻസർ ഫ്രാൻസിസ് | *1-4-15 മുതൽ 31-3-2016 വരെ* |
| ഹെഡ് മാസ്റ്റർ | ശ്രീ.വി.നന്ദകുമാർ | *1-4-2015 മുതൽ 31-5-2015 വരെ* |
| | ജോർജ് ടി.സി | *1- 6-2015 മുതൽ 31-3-2016 വരെ* |
| അസി.സെക്രട്ടറി | സിബിച്ചൻ വർഗ്ഗീസ് | *1-4-2015 മുതൽ 18-8-2015 വരെ* |
| | ശ്രീ.കെ.രാധാ കൃഷ്ണൻ | *19-8-2015 മുതൽ 31-3-2016 വരെ* |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2015-16 | 1/30-3-2015 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|---|

| | | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 18-8-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 04-10--2016 | അനുബന്ധം 1<br>ആയി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 20032133 | 29107210 | 49139343 | 36387079 | 12752264 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1880213 | 1614957+<br>3663180<br>(T.C.amt) | 7158350 | 7158350 | 0 |
| വികസനഫണ്ട് (എസ്.സി.പി). | 2471095 | 2677029 | 5148124 | 5148124 | 0 |
| വികസനഫണ്ട് ( ടി.എസ്.പി). | --- | --- | ---- | --- | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 612715 | 4231095<br>314724(T.C.amt) | 5158534 | 5158534 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 893305 | 834800<br>(-314724<br>(T.C.amt) | 1413381 | 1413381 | 0 |
| KLSGDP | 2203790- | 221210 | 447660 | 447660 | 0 |

| | | | | | |
|---|---|---|---|---|---|
| | 1977340<br>(TC amt) | | | | |
| 13-ാം ധനകാര്യ കമ്മീഷൻ | 1508507 | 1470764 | 2979271 | 2979271 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5682439 | 6735322 | 1241761 | 4480071 | 7937690 |
| MGNREGS | 26317 | 14723217 | 14749534 | 14749534 | 0 |
| ബി ഫണ്ട് | 0 | 24816727 | 24816727 | 24816727 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 137 | 42698765 | 89 | 25379554 | 0 | 48 | 65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3933715 | 3128199 | (-)805516 |
| നികുതിയേതര വരവുകൾ | 1088343 | 1542885 | (+)454542 |
| മറ്റുവരവുകൾ | 6362231 | 2841634 | (-)3520597 |
| ആകെ | 11384289 | 7512718 | (-)3871571 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 65 | 90240 |
| കർഷകതൊഴിലാളി പെൻഷൻ | 349 | 2681790 |
| വിധവാപെൻഷൻ | 920 | 9132280 |
| വാർദ്ധക്യകാലപെൻഷൻ | 1097 | 9274920 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 232 | 2351225 |
| അവിവാഹിത പെൻഷൻ | 77 | 750960 |
| വിവാഹധനസഹായം | 13 | 300000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6800/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

മാസ്റ്റർഇൻകുംബൻസി രജിസ്റ്റർ: കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

എം.ഒ.പി. പാലിക്കുന്നില്ല: പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊക്യുർമെന്റ് കമ്മിറ്റി

23-1-2012 നാണ് പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ ആദ്യ യോഗം ചേർന്നിട്ടുള്ളത്. സോഷ്യൽ മോണിറ്ററിംഗ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

# 1-11 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്(അക്കൌണ്ട് നം. 4843(ചാലിശ്ശേരി സർവ്വീസ് സഹ.ബാങ്ക്)തൻവർഷം ഈ അക്കൌണ്ടിലേക്ക് വരവായി തുകയൊന്നും ലഭിച്ചിട്ടില്ല.1000/-രൂപ ചെലവും 22494 രൂപ നീക്കിയിരിപ്പുമുണ്ട്

# 1-12 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിൽനിന്നും ഒടുക്കുന്ന വൈദ്യുതിചാർജ്ജിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കുമാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ, സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

# 1-13 പൊതു ടാപ്പുകളുടെ വെള്ളക്കരം

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിലെ 223 പൊതുടാപ്പുകൾക്ക് പ്രതിമാസം 97563 രൂപവീതം അടവാക്കിയിട്ടുണ്ട്. നിലവിൽ ടാപ്പ് നിരക്ക് 5250 രൂപയാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖയിലെ (സ.ഉ.(സാധ)നം.1275/2009/ത.സ്വ.ഭ.വ., തീ. 30.05.09) നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-14 കുടിവെള്ള പദ്ധതികളുടെ പരിപാലനം

പഞ്ചായത്തിലെ കുടിവെള്ളപദ്ധതികളുടെനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്

# 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8-11-2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-7-2009 | 2004-05മുതൽ | 12-6-2009 |

| | | | |
|---|---|---|---|
| | | 2008-09 വരെ | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1)വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാകുന്നു.

2015-16 വർഷത്തിൽ 234 സ്ഥാപനങ്ങൾക്ക് ഡി. ആന്റ്. ഓ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ കേരളാ പഞ്ചായത്ത് രാജ് നിയമം 205(ബി) മുതൽ (എഫ്) വരെ 96 കേരളാ പഞ്ചായത്ത് രാജ് നികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് നിയമം സെ. 204(I),(II),എ(I) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരാൾ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസമോ അതിൽ കൂടുതലോ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാവുന്നതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/ വ്യവസായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിരുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അംഗീകൃത കരാറുകാർ, ലൈസൻസ്ഡ് ബിൽഡിങ്ങ് സൂപ്പർവൈസർമാർ, എന്നിവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇവരിൽ നിന്നും തോഴിൽ നികുതി ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ടെക്നിക്കൽ അസിസ്റ്റന്റിൽ നിന്നും തൊഴിൽ നികുതി ഈടാക്കയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ആയ ശ്രീ.സന്തോഷിന്റെ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ തുടർച്ചയായി ജോലിചെയ്തുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റിന് 13500 രൂപ വേതനം അനുവദിക്കുന്നുണ്ട്. ആയതിനാൽ 750 രൂപ വീതം ഓരോ അർദ്ധവർഷത്തിലും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. ഡിമാന്റ് ചെയ്ത് ഈടാക്കാത്ത 1500 (750*2) രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-3 ഡി ആന്റ് ഓ ലൈസൻസ് നൽകലിലെ അപാകതകൾ

1) ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും ദിവസേനയുള്ള ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഈടാക്കിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

2) ജി. ഓ(എം.എസ്) നം. 323/2011/ത.സ്വ.ഭ.വ തീയതി 27-12-2011 പ്രകാരം നിരോധിക്കപ്പെട്ട പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ ഉത്പാധിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ, ചെയ്യുന്നില്ലെന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

3) ജി. ഒ. (ആർ. ടി)795/2007/ത.സ്വ.ഭ.വ തീയതി 16.03.2007 പ്രകാരം ഡി. ആന്റ്. ഓ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപനങ്ങൾ അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

ഡി ആന്റ് ഓ ലൈസൻസിനുള്ള അപേക്ഷയിൽ പൂർണമായ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ആവശ്യമ്യയ നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതും, സർക്കാർ ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ധേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതുമാണ്.

തുടർവർഷങ്ങളിൽ ലൈസൻസ് നൽകുന്നതിനു മുമ്പായി മേല്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല, പഞ്ചായത്തിനു വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധകമ്പനികളുടെ രണ്ട് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്.പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ -പേര്, വിലാസം | ബിൽഡിംഗ് പെർമിറ്റ് നം. | ഈടാക്കിയ പെർമിറ്റ് ഫീ | 2015-16 ൽ ഈടാക്കിയ വസ്തു നികുതി ഡിമാന്റ്/ കളക്ഷൻ |
|---|---|---|---|---|---|
| 1 | 10/399എ | ഇൻഡസ് ടവർ ലിമിറ്റഡ് | 152/08 തീയതി 04.11.2008 | 10184 | 1512 |
| 2 | ലഭ്യമല്ല | ബി.എസ്.എൻ.എൽ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

മൊബൈൽ ടവറുകളുടെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വസ്ഥുനികുതി ഈടാക്കിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

GO(Rt)2640/12/LSGD തിയതി 19-9-2012 പ്രകാരം ബിഎസ്എൻഎൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ബിഎസ്എൻഎൽ മൊബൈൽ ടവറുകളിൽ നിന്നും 2015-16 വർഷം കുടിശ്ശികയടക്കം വസ്തുനികുതി ഈടാക്കുകയോ, ആയതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവ്(അ)19/2011/തസ്വഭവ തിയതി.14.1.2011 പ്രകാരം ചതുരശ്ര മീറ്ററിന് 400 മുതൽ 500 രൂപ വരെ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി നിശ്ചയിച്ച് ഈടാക്കാവുന്നതാണ്. എന്നാൽ മേൽ മൊബൈൽ ടവറുകളിലൂടെ വസ്തുനികുതി നാളിതുവരയും ഈടാക്കയിട്ടില്ലാത്തതിനാൽ വസ്തുനികുതി ഇനത്തിൽ പ്രതിവർഷം വൻ തുക പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.

മേൽ മൊബൈൽ ടവറുകളിൽ 2011-12 വർഷം മുതലുള്ള പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി കുടിശ്ശികയടക്കം അടിയന്തിരമായി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒഴിവാക്കി

## 3-2 പദ്ധതി നിർവഹണത്തിലെ അപാകതകൾ

2015-16 ൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മുട്ടക്കോഴി വളർത്തൽ(ജനറൽ,എസ്.സി),കന്നുക്കുട്ടി പരിപാലന പദ്ധതി എന്നീ പദ്ധതികളിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) മുട്ടക്കോഴി വളർത്തൽ (ജനറൽ),പദ്ധതി നമ്പർ- 79/2016,

അടങ്കൽ- 199917/- ട്രഷറി ബിൽ നമ്പർ -1/15-9-2015 തുക—132098/-

വികസന ഫണ്ട് - 149865

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത് -- 50052

കോഴിക്കൂടിനു വേണ്ടി.യൂണിറ്റ് കോസ്റ്റ് പ്രകാരം)

ആകെ --199917

ആകെ വാങ്ങാനുദ്ദേശിച്ച യൂണിറ്റുകൾ – 388

(388*5 =1940കോഴികൾ/കുഞ്ഞുങ്ങൾ)

1.1) അംഗീകരിച്ച പദ്ധതി പ്രകാരം ആകെ അടങ്കലിന്റെ 33.399 % മാണ് ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിട്ടുള്ളത്.യൂണിറ്റ് കോസ്റ്റ് പ്രകാരം (515.25/- രൂപ 14.5%നികുതിയടക്കം) കോഴിക്കൂട് നിർമ്മാണത്തിന് ഗുണഭോക്തൃവിഹിതമായി 129/-രൂപയും 5 കോഴികൾക്ക് 386.25/-രൂപയുമാണ് അംഗീകരിച്ച വില.

1.2) പദ്ധതിക്ക് വേണ്ടി അൽ അമീൻ നഴ്സറി,ചാഴിയാട്ടിരി(പോസ്റ്റ്) പാലക്കാട് ജില്ല, 679535 എന്ന സ്ഥാപനത്തിൽ നിന്നാണ് മുട്ടക്കോഴി കുഞ്ഞുങ്ങളെയും മുട്ടക്കോഴികളെയും വാങ്ങിയിട്ടുള്ളത്.താഴെ പട്ടിക കാണുക

| ഇനം | ഇൻവോയ്സ് നം/തിയതി | ഒരു കുഞ്ഞിന്റെ വില/വാങ്ങിയ എണ്ണം | വില+ നികുതി | പരിമിതപ്പെടുത്തിയത് (386.25പ്രകാരം ) |
|---|---|---|---|---|
| 58 ദിവസം പ്രായമായ കുഞ്ഞുങ്ങൾ | 35/30-7-2015 | 90/1000 | 90000+ 13050= 103050/- | 77250/- |
| 60 ദിവസം പ്രായമായവ | 41/13-8-15 | 90/710 | 63900+ 9266= 73166/- | 54848/- |
| | | | ആകെ | 132098 |

1.3) മുട്ടക്കോഴികളെ വിതരണം ചെയ്ത ഈ സ്ഥാപനത്തിന് മൃഗസംരക്ഷണവകുപ്പിന്റെ അംഗീകാരമുള്ളതാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമല്ല.കൂടാതെ ക്വാട്ടേഷൻ/ടെണ്ടർ എന്നിവ കൂടാതെ വാങ്ങാവുന്ന സ്ഥാപനമാണെന്ന തെളിയിക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

1.4) കോഴികളെ സ്റ്റോക്കിലടുത്ത് വിതരണം ചെയ്ത രേഖകളില്ല.

1.5) ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തിട്ടുള്ളതെന്ന രേഖകളില്ല.പഞ്ചായത്ത് ബോർഡ് അംഗീകരിച്ച 471ഗുണഭോക്താക്കളുടെ ലിസ്റ്റാണ് ലഭ്യമാക്കിയിട്ടുള്ളത്.

1.6) ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം നേരിട്ടെങ്ങിനെയാണ് ചെലവഴിച്ചതെന്ന രേഖകളും ,ബില്ലുകളും മറ്റനുബന്ധരേഖകളും ഇല്ലാത്തതിനാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെയാണ് പദ്ധതി നടപ്പാക്കിയതെന്ന് മനസ്സിലാക്കാവുന്നതാണ്.അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി വിഹിതം മാത്രം ചെലവഴിച്ച് പദ്ധതി നടപ്പാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ചെവവഴിച്ച തുകയായ 132098രൂപയുടെ 33.399%(ഗുണഭോക്തൃ വിഹിത ശതമാനം) മായ 44119/-(നാൽപ്പത്തിനാലായിരത്തിനൂറ്റിപത്തൊൻപത് രൂപ) നിർവഹണോദ്യോഗസ്ഥൻ സർക്കാർ ഫണ്ടിലൊടുക്കേണ്ടതാണ്.

കൂടാതെ മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച ബാക്കി തുക 87979/- രൂപ തടസ്സപ്പെടുത്തുന്നു.

2) മുട്ടക്കോഴി വളർത്തൽ (SCP),പദ്ധതി നമ്പർ- 80/2016,

അടങ്കൽ- 70590/-
വികസന ഫണ്ട് (SCP) - 52917

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിലടക്കുന്നത് -- 17673

കോഴിക്കൂടിനു വേണ്ടി.യൂണിറ്റ് കോസ്റ്റ് പ്രകാരം)

ആകെ – 70590

ആകെ വാങ്ങാനുദ്ദേശിച്ച യൂണിറ്റുകൾ – 137 (137*5=685 egger pellets)

ചെലവ്

ട്രഷറി ബിൽ നമ്പർ - 2/15-9-2015 തുക—25879/-

2.1) അംഗീകരിച്ച പദ്ധതി പ്രകാരം ആകെ അടങ്കലിന്റെ 33.399 % മാണ് ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിട്ടുള്ളത്.യൂണിറ്റ് കോസ്റ്റ് പ്രകാരം (515.25/- രൂപ 14.5%നികുതിയടക്കം) കോഴിക്കൂട് നിർമ്മാണത്തിന് ഗുണഭോക്തൃവിഹിതമായി 129/-രൂപയും 5 കോഴികൾക്ക് 386.25/-രൂപയുമാണ് അംഗീകരിച്ച വില.

2.2) പദ്ധതിക്ക് വേണ്ടി അൽ അമീൻ നഴ്സറി,ചാഴിയാട്ടിരി(പോസ്റ്റ്) പാലക്കാട് ജില്ല,679535 എന്ന സ്ഥാപനത്തിൽ നിന്നാണ് മുട്ടക്കോഴി കുഞ്ഞുങ്ങളെയും മുട്ടക്കോഴികളെയും വാങ്ങിയിട്ടുള്ളത്.താഴെ പട്ടിക കാണുക

| ഇനം | ഇൻവോയ്സ് നം/തിയതി | ഒരു കുഞ്ഞിന്റെ വില/വാങ്ങിയ എണ്ണം | വില+<br>നികുതി | പരിമിതപ്പെടുത്തിയത് (386.25പ്രകാരം ) |
|---|---|---|---|---|
| 58 ദിവസം പ്രായമായ കുഞ്ഞുങ്ങൾ | 36/30-7-2015 | 90/245 | 22050+<br>3197=<br>25247/- | 18926/- |
| 60 ദിവസം പ്രായമായവ | 39/13-8-15 | 90/90 | 8100+<br>1175=<br>9275/- | 6953/- |
| | | | ആകെ | 25879 |

2.3) മുട്ടക്കോഴികളെ വിതരണം ചെയ്ത ഈ സ്ഥാപനത്തിന് മൃഗസംരക്ഷണവകുപ്പിന്റെ അംഗീകാരമുള്ളതാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമല്ല. കൂടാതെ ക്വാട്ടേഷൻ/ടെണ്ടർ എന്നിവ

കൂടാതെ വാങ്ങാവുന്ന സ്ഥാപനമാണെന്ന തെളിയിക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2.4) കോഴികളെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകളില്ല.

2.5) ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തിട്ടുള്ളതെന്ന രേഖകളില്ല.ഭരണസമിതി അംഗീകരിച്ച 112പേരുടെ ലിസ്റ്റ് അതുപോല വെച്ചിരിക്കുകയാണ്. ആകെ നൽകിയ 67 പേർആരൊക്കെയാണെന്നത് വ്യക്തമല്ല

2.6) ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിലടച്ചത് സംബന്ധിച്ച TR-5 രശീതികൾ,അല്ലെങ്കിൽ പഞ്ചായത്ത് നൽകിയ രശീതികൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നുള്ള വരവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല,ഗ്രാമപഞ്ചായത്തിന് കൈ മാറിയിട്ടില്ല. കൂടാതെ ഈ തുകകൾ ചെലവഴിച്ചതിന്റെ രേഖകളും, ബില്ലുകളും മറ്റനുബന്ധരേഖകളും ഇല്ലാത്തതിനാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെയാണ് പദ്ധതി നടപ്പാക്കിയതെന്ന് മനസ്സിലാക്കാവുന്നതാണ്. അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി വിഹിതം മാത്രം ചെലവഴിച്ച് പദ്ധതി നടപ്പാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ചെവവഴിച്ച തുകയായ 25879/-രൂപയുടെ 33.399% (ഗുണഭോക്തൃ വിഹിത ശതമാനം) മായ 8643/- (എണ്ണായിരത്തി അറുനൂറ്റി നാൽപ്പത്തി മൂന്ന് രൂപ) നിർവഹണോദ്യോഗസ്ഥൻ സർക്കാർ ഫണ്ടിലൊടുക്കേണ്ടതാണ്.

കൂടാതെ മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച ബാക്കി തുക 17236/- രൂപ തടസ്സപ്പെടുത്തുന്നു.

<u>3) കന്നുക്കുട്ടി പരിപാലന പദ്ധതി,നമ്പർ -81/2016</u>

അടങ്കൽ ---1200000/-

(വികസനഫണ്ട് =300000/- +സംസ്ഥാനവിഹിതം=300000/- + ഗുണഭോക്തൃവിഹിതം (നേരിട്ട്) 600000/-)

ചെലവ് 300000/-(ട്രഷറി ബിൽ 3/22-1-2016 )

3.1) അംഗീകരിച്ച പദ്ധതി പ്രകാരം 48പേർക്ക് നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത് . എന്നാൽ ഹാജരാക്കിയ ഫയൽ പ്രകാരം ആർക്കൊക്കെയാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല.(112പേരുടെ ലിസ്റ്റാണ് ലഭ്യമാക്കിയിട്ടുള്ളത് )

3.2) ഈ ഗുണഭോക്താക്കൾക്ക് പശു/എരുമ എന്നിവയുണ്ടെന്നുള്ള വെറ്ററിനറി സർജന്റെ സാക്ഷ്യപത്രമില്ല

3.3) പശുക്കളെ ഇൻഷൂർ ചെയ്തതിന്റെ രേഖകളില്ല.

3.4) ഗുണഭോക്താക്കൾ പദ്ധതി കാലയളവു തീരുന്നതു വരെ പശുക്കളെ കൈമാറ്റംചെയ്യില്ലെന്നും വളർത്തുമെന്നുമുള്ള കരാർ ഉടമ്പടിയില്ല.

3.5) ഏതു സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്ന വിവരങ്ങളില്ല,കരാറില്ല.

3.6) സംസ്ഥാന വിഹിതം ലഭ്യമാക്കാതെ ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രമാണ് പാലക്കാട് ആനിമൽ ഹസ്ബെൻഡറി അസി.ഡയറക്ടർക്ക് നൽകിയിരിക്കുന്നത് .

3.7) നാളിതു വരെ എത്ര രൂപ ചെലവഴിച്ചുവെന്നതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.8) പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. തടസ്സപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ രേഖാമൂലം തെളിവു സഹിതം വിശദീകരണം നൽകേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വെറ്ററിനറി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല

## 3-3 അനുവദിച്ചതിലും അധികം ഓണറേറിയം നൽകി തുക തിരിച്ചടക്കേണ്ടതാണ്

2015-16 ൽ ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ അതുല്യം പദ്ധതിയിൽ താഴെ പറയുന്ന അപാകതകളുണ്ട്

1) 2015-16 ലെ പദ്ധതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2) അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി 2014-15 ന്റെ രൂപരേഖ പ്രകാരം (ഇതിന്റെ തുടർച്ചയാണ് 2015-16 ലും ) 20 വിദ്യാർത്ഥികൾക്ക് 1 ക്ലാസ്സും ,4 മാസത്തെ പരിശീലനവും ,ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം പ്രതിമാസം 1000/-രൂപ വെച്ച് 4000/- രൂപയാണ് പരമാവധി നൽകാവുന്നത്. അതായത് 135 വിദ്യാർത്ഥികളാണ് ആകെയുള്ളത് ആയതിനാൽ 7 ക്ലാസ്സിന് 4 മാസത്തേക്ക് പരമാവധി 28000/- രൂപ മാത്രം (മറിച്ചുള്ള ഉത്തരവ് നാളിതു വരെ പുറപ്പെടുവിച്ചില്ലാത്തതിനാൽ)

എന്നാൽ

13-10-2015ലെ വൌച്ചർ നമ്പർ 1മുതൽ 16 വരെ വരെ 28000/-രൂപയും

12-8-2015 ലെ ൽ 40000/- രൂപയും നൽകിയിട്ടുണ്ട് .

അംഗീകരിച്ച രൂപരേഖ പ്രകാരം പരമാവധി നൽകാവുന്നത് 28000/-രൂപയായതിനാൽ അധികം നൽകിയ 40000/-രൂപ നിർവഹണോദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിച്ച സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്

3) ഏതു ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി തയ്യാറാക്കേണ്ടതെന്ന് രൂപരേഖയിൽ പറയുന്നില്ല . ഫണ്ട് ചെലവഴിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ് .വിശദീകരണം ലഭ്യമാക്കേണ്ടതാണ

## 3-4 സി.ഡി.എസ്.അക്കൌണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന പ്ലാൻ ഫണ്ട് വിഹിതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

1) സി.ഡി.എസ് ചാലിശ്ശേരി ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീയുടെ സേവിങ്ങ്സ് ബാങ്ക് അക്കൌണ്ടുകളിൽ 2005-06 ലെ കേരള വികസന പദ്ധതി പ്രകാരം ലഭിച്ച ജില്ല പഞ്ചായത്ത് പ്ലാൻ ഫണ്ട് സ്ഥലം വാങ്ങൽ വിഹിതമായ 58500/- രൂപയും,ഭവനനിർമ്മാണം പദ്ധതിയുടെ 220000/-രൂപയും പഞ്ചായത്ത് പ്ലാൻ വിഹിതമായ 20000/-രൂപയും നാളിതു വരെ ചെലവഴിച്ചിട്ടില്ലാത്തതിനാലും അന്നത്തെ പദ്ധതി പ്രകാരം ഇനി ചെലവഴിക്കാനാവാത്തതിനാലും ടി തുകകൾ അടിയന്തരമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്, കൂടാതെ നിലവിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന സ്പെഷൽ സെൻട്രൽ അസിസ്റ്റൻസ് ഫണ്ടിലെ 96300/-രൂപയും, ആശ്രയ ഒന്നാം ഘട്ടത്തിനുള്ള ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന പഞ്ചായത്ത് വിഹിതമായ (നിലവിൽ രണ്ടാം ഘട്ടമാണ് ന ടന്ന് കൊണ്ടിരിക്കുന്നത്) 42958/-രൂപയും ,ചേർത്ത് ആകെ 437758രൂപ സർക്കാരിലേക്ക് അടിയന്തരമായി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 തെരുവു വിളക്കുകൾ,പൊതു ടാപ്പുകൾ എന്നിവയുടെ എണ്ണം സംയുക്ത പരിശോധന നടത്തി കാലികമാക്കേണ്ടതാണ് പൊതു

## ജനങ്ങൾക്ക് നൽകുന്ന നൽകുന്ന സർവീസിന് സർവീസ് ചാർജ് ഈടാക്കേണ്ടതാണ്

1)ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ, കേരള ജല അതോറിറ്റി എൻജിനീയറുടെ 23-2-2015 ലെ ജി.ഇ.എൻ/സി.എച്,വൈ /15 നമ്പർ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം 415 പൊതു ടാപ്പുകളുണ്ട്. പൊതു ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 97563/-രൂപ വെച്ച് പ്രതിവർഷം 1170756/- രൂപ .ഇത്രയും വലിയൊരു സംഖ്യ നിലവിൽ ജല അതോറിറ്റിയിൽ അടക്കുന്നുണ്ട് . ഇത്രയും വലിയൊരു സംഖ്യ തനതു ഫണ്ടിൽ നിന്നും അയച്ചതിന് പുറമേ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ൽ നിന്നും പേമെന്റ് വൌച്ചർ നമ്പർ 21500894/22-2-2016 ന് 778100/-രൂപയും ജല അതോറിറ്റിയിലടച്ചിട്ടുണ്ട്.എന്നാൽ ഇത്തരം സേവനങ്ങൾ നൽകുന്നതിന് ഗുണഭോക്താക്കളിൽ നിന്നും സേവന നികുതി ചട്ടങ്ങൾ പ്രകാരം അനുശാസിക്കുന്ന സേവന നികുതി നാളിതു വരെ ഈടാക്കിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം പരമാവധി കുറച്ച് ഗാർഹിക കണക്ഷനുകൾ നല്കി തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ പരമാവധി കുറക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഭാവിയിൽ തനതു ഫണ്ട് മൈനസ് ഫണ്ടാവാനുള്ള സാധ്യതകളേറെയുണ്ട്.

2)തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മാസം 57473/- രൂപ വെച്ച് പ്രതിവർഷം 689676/- രൂപ വൈദ്യുതി ബോർഡിൽ തനതു ഫണ്ടിൽ നിന്നും ഒടുക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇലക്ട്രിക്ക് പോസ്റ്റുകളിൽ ഏതെല്ലാം വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നുള്ള വിവരം കാണിക്കുന്ന രജിസ്റ്ററോ സംയുക്ത പരിശോധന റിപ്പോർട്ടോ ഇല്ല.ഇക്കാര്യത്തിൽ നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.കൂടാതെ തെരുവു വിളക്കുകൾക്ക് മീറ്ററിങ് നടത്തണമെന്ന സർക്കാർ നിർദ്ദേശം നാളിതു വരെ പാലിച്ചിട്ടില്ല .ആയതിന് വേണ്ട നടപടികളെടുത്തിട്ടില്ല. അടിയന്തരമായി കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്തി ആയതിനനുസരിച്ചുള്ള വൈദ്യുതി താരീഫ് പുനർനിർണ്ണയിക്കേണ്ടതാണ് .

ഈ രണ്ടു വിഷയങ്ങളിലും സേവനനികുതി ഈടാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

# 3-6 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

2015-16വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരുമായും കൺവീനർമാരുമായി ഏർപ്പെടുന്ന കരാറുകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ പൂർണ്ണമാക്കുകയോ ചെയ്യുന്നില്ല.
2. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ജോയിന്റ് അക്കൌണ്ടിലൂടെ പണമിടപാട് നടത്തണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

3.പ്രവൃത്തി ആരംഭിക്കുന്ന തിയ്യതി, പൂർത്തിയാക്കേണ്ട തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4. ഉപയോഗിച്ച നിർമ്മാണ വസ്തുക്കളുടെ വിവരം വ്യക്തമാക്കുന്ന മെറ്റീരിയൽ അക്കൌണ്ട് രേഖപ്പെടുത്തുന്നില്ല.

5.സെലക്ഷൻ മെമ്മോ നൽകൽ സൈറ്റ് കൈമാറൽ എന്നിവയുടെ രേഖകൾ ഇല്ല.
6.ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തിയ്യതി, ടെണ്ടർ അംഗീകരിച്ച തീരുമാനം നമ്പർ, ടെണ്ടർ തുറക്കുന്ന സമയം ഹാജരായ കരാറുകാരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തില്ല.

7. എഗ്രിമെന്റ് രജിസ്റ്ററിൽ പി.എ.സി, സെക്യൂരിറ്റി തുക, പൂർത്തീകരിക്കേണ്ട തിയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2015-16 | 285000/-<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | സമൃദ്ധി(പ്രോജ.നം.20) | 0 | 285000/- |
| | 37500/-<br>(ബ്ലോക്ക് വിഹിതം)<br>37500/<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പ്രോജ.നം.17) | 112500 | 37500/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ഉദ്ദേശം | ഉത്തരവ് | വായ്പ ത്തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലോൺ (മിനി സിവിൽസ്റ്റേഷൻ / ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം | GO.(ord) no.565/2009/lsgd dt.5.3.2008 | 880000/- | 125716 | 34409 | 282849 |
| -do- | KURDFC/GP/2313/08 Dt.17-10-2011 | 956000/- | 136572 | 40631 | 341426 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

## വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-4(1) | 2006-07 | 3.68.1 | മൊബിലൈസേഷൻഅഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്തത് (കൊല്ലഴിപ്പറമ്പ് കോളനിറോഡ്) | അന്തിമ തീരുമാനം ആയിട്ടില്ല. |
| -do- | 3-4(2) | 2006-07 | -do- | -do-(നരിമട-പടാട്ടുകുന്ന് റോഡ്) | -do- |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ<br>ആകെ വരവ് | 29107210 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36387079 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 172762 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 105219 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 52762/- | ശ്രീ.സ്പെൻസർ ഫ്രാൻസിസ്, വെറ്ററിനറി സർജൻ |
| 3-3 | 40000/- | ജോർജ.ടി.സി,H.M,<br>ജി.എൽ.പി.എസ്,<br>ചാലിശ്ശേരി |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഇല്ല

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 105219/- | ശ്രീ.സ്പെൻസർ ഫ്രാൻസിസ്, വെറ്ററിനറി സർജൻ |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സ്പെൻസർ ഫ്രാൻസിസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ ,മരത്തംകോട് വെറ്ററിനറി ഡിസ്പെൻസറി, തൃശ്ശൂർ ജില്ല | പുലിക്കോട്ടിൽ വീട്, ഏരാങ്ങല്ലൂർ പി.ഒ, കേച്ചേരി, തൃശ്ശൂർ ജില്ല |
| ശ്രീമതി.ശോഭ .എ.മേനോൻ, കൃഷി ഓഫീസർ | കൃഷിഓഫീസർ, ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് | തപോവൻ,കോട്ടയിൽ വീട്, കോട്ടോപ്പാടം പി.ഒ, പാലക്കാട് ജില്ല |
| ജോർജ.ടി.സി,H.M, ജി.എൽ.പി.എസ്, ചാലിശ്ശേരി | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, ചാലിശ്ശേരി | തെങ്ങും പിള്ളി വീട്, ചൊവ്വന്നൂർ പി.ഒ, കുന്നംകുളം,തൃശ്ശൂർ ജില്ല |

ഡെപ്യൂട്ടി ഡയറക്ടർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-പികെഡി20/2288/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 31.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1.കെട്ടിടനികുതി വിശദാംശങ്ങൾ വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

2.ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD20/2288/2016

Kerala State Audit Department
District Audit Office
Palakkad
Dated – 31.01.2017

## Audit Certificate

Certified that I have examined the Annual Financial Statement of CHALISSERY GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of CHALISSERY GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015 -2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. The details of accounts of building tax as per demand register is not reconcilled with the annual financila statement submitted for audit.
2. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director